**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1532** | **19-01-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി വിത്തുതേങ്ങ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറ്റ്യാടി വിത്ത് തേങ്ങ സംഭരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) | ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് സംസ്ഥാനത്തെ കർഷകർക്ക് വിതരണം ചെയ്യുന്നത് ലക്ഷ്യമിട്ട് നാളികേര വികസന കൗൺസിൽ, കേര സമൃദ്ധി എന്നീ പദ്ധതികളിലുൾപ്പെടുത്തി വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ കഴിഞ്ഞ 5 വർഷമായി നടത്തി വരുന്നു. സംസ്ഥാനത്തെ പരമ്പരാഗത വിത്തുതേങ്ങ സംഭരണപ്രദേശമാണ് കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മേഖല. W C T ഇനത്തിൽപ്പെട്ട മുന്തിയതരം മാതൃവൃക്ഷങ്ങൾ കുറ്റ്യാടി മേഖലയിലെ കായക്കൊടി, ചെമ്പനോട, മരുതോംകര, കാവിലുംപാറ, കുരാച്ചുണ്ട്, കായണ്ണ, കാന്തലാട്, കിനാലൂർ, ഉണ്ണിക്കുളം, അത്തിയോടി, അവിടനല്ലൂർ, കോട്ടൂർ, കട്ടിപ്പാറ വില്ലേജുകളിൽ നിന്നും തെരഞ്ഞെടുത്ത് ശാസ്ത്രീയമായ രീതിയിൽ വിത്തുതേങ്ങ സംഭരണം നടന്നു വരുന്നു. കോഴിക്കോട് ജില്ലയിലെ വടകര (വിത്തു ശേഖരണം) ഓഫീസിന്റെ മേൽനോട്ടത്തിലാണ് സംഭരണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങൾ അടയാളപ്പെടുത്തി അവയിൽനിന്നും ഡിസംബർ മുതൽ മേയ് വരെയുള്ള കാലയളവിൽ നടത്തുന്ന വിളവെടുപ്പിൽ വിളവെടുത്ത നല്ലയിനം വിത്തുതേങ്ങ മാത്രം തെരഞ്ഞെടുത്ത് സംസ്ഥാനത്തെ വിവിധ കൃഷി വകുപ്പ് ഫാമുകളിൽ പാകി തൈകളാക്കുന്നതിനായി എത്തിക്കുന്നു. 2020-21 വർഷത്തെ വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ 2020 ഡിസംബർ മാസത്തിൽ ആരംഭിക്കുകയും, വിത്തുതേങ്ങാ സംഭരണം 2021 മേയ് വരെ തുടരുകയും ചെയ്യുന്നതാണ്. 2021 മാർച്ച് വരെയുള്ള സംഭരണ പ്രവൃത്തിയ്ക്കായാണ് 378 ലക്ഷം രൂപ കുറ്റ്യാടി മേഖലയ്ക്ക് അനുവദിച്ചു നൽകിയിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുറ്റ്യാടി പ്രദേശത്തുനിന്നും സംഭരിച്ച വിത്തുതേങ്ങയുടെ എണ്ണവും, ചെലവഴിച്ച തുകയും |

| | | | |
|---|---|---|---|
| | | | ചുവടെ ചേർക്കുന്നു. ക്രമ വർഷം സംഭരിച്ച വിത്തുതേങ്ങയുടെ എണ്ണം(ലക്ഷത്തിൽ) ചെലവഴിച്ച തുക(ലക്ഷത്തിൽ) നമ്പർ 1 2016-17 3.232 171.3 2 2017-18 3.27 171.1 3 2018-19 3.41 261.1 4 2019-20 6.87 527.4 5 2020-21 10.0(സംഭരണ ലക്ഷ്യം) 378.0 ആകെ 26.782 ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 മുതൽ 2019-20 വരെ കുറ്റ്യാടി പ്രദേശത്തുനിന്നും 16.782 ലക്ഷം WCT ഇനത്തിൽപ്പെട്ട വിത്തുതേങ്ങ ശേഖരിച്ചിട്ടുണ്ട്. 2021 മേയ് വരെയുള്ള കാലയളവിൽ 10 ലക്ഷം വിത്തുതേങ്ങ കൂടി സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | എത്ര ലക്ഷം വിത്തുതേങ്ങ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കുമോ ? | (ബി) | ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് സംസ്ഥാനത്തെ കർഷകർക്ക് വിതരണം ചെയ്യുന്നത് ലക്ഷ്യമിട്ട് നാളികേര വികസന കൗൺസിൽ, കേര സമൃദ്ധി എന്നീ പദ്ധതികളിലുൾപ്പെടുത്തി വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ കഴിഞ്ഞ 5 വർഷമായി നടത്തി വരുന്നു. സംസ്ഥാനത്തെ പരമ്പരാഗത വിത്തുതേങ്ങ സംഭരണപ്രദേശമാണ് കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മേഖല. W C T ഇനത്തിൽപ്പെട്ട മുന്തിയതരം മാതൃവൃക്ഷങ്ങൾ കുറ്റ്യാടി മേഖലയിലെ കായക്കൊടി, ചെമ്പനോട, മരുതോംകര, കാവിലുംപാറ, കുരാച്ചുണ്ട്, കായണ്ണ, കാന്തലാട്, കിനാലൂർ, ഉണ്ണിക്കുളം, അത്തിയോടി, അവിടനല്ലൂർ, കോട്ടൂർ, കട്ടിപ്പാറ വില്ലേജുകളിൽ നിന്നും തെരഞ്ഞെടുത്ത് ശാസ്ത്രീയമായ രീതിയിൽ വിത്തുതേങ്ങ സംഭരണം നടന്നു വരുന്നു. കോഴിക്കോട് ജില്ലയിലെ വടകര (വിത്തു ശേഖരണം) ഓഫീസിന്റെ മേൽനോട്ടത്തിലാണ് സംഭരണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങൾ അടയാളപ്പെടുത്തി അവയിൽനിന്നും ഡിസംബർ മുതൽ മേയ് വരെയുള്ള കാലയളവിൽ നടത്തുന്ന വിളവെടുപ്പിൽ വിളവെടുത്ത നല്ലയിനം വിത്തുതേങ്ങ മാത്രം തെരഞ്ഞെടുത്ത് സംസ്ഥാനത്തെ വിവിധ കൃഷി വകുപ്പ് ഫാമുകളിൽ പാകി തൈകളാക്കുന്നതിനായി എത്തിക്കുന്നു. 2020-21 വർഷത്തെ വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ 2020 ഡിസംബർ മാസത്തിൽ ആരംഭിക്കുകയും, വിത്തുതേങ്ങാ സംഭരണം 2021 മേയ് വരെ തുടരുകയും ചെയ്യുന്നതാണ്. 2021 മാർച്ച് വരെയുള്ള സംഭരണ പ്രവൃത്തിയ്ക്കായാണ് 378 ലക്ഷം രൂപ കുറ്റ്യാടി മേഖലയ്ക്ക് അനുവദിച്ചു നൽകിയിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുറ്റ്യാടി പ്രദേശത്തുനിന്നും സംഭരിച്ച വിത്തുതേങ്ങയുടെ എണ്ണവും, ചെലവഴിച്ച തുകയും |

| | | | |
|---|---|---|---|
| | | | ചുവടെ ചേർക്കുന്നു. ക്രമ വർഷം സംഭരിച്ച വിത്തുതേങ്ങയുടെ എണ്ണം(ലക്ഷത്തിൽ) ചെലവഴിച്ച തുക(ലക്ഷത്തിൽ) നമ്പർ 1 2016-17 3.232 171.3 2 2017-18 3.27 171.1 3 2018-19 3.41 261.1 4 2019-20 6.87 527.4 5 2020-21 10.0(സംഭരണ ലക്ഷ്യം) 378.0 ആകെ 26.782 ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 മുതൽ 2019-20 വരെ കുറ്റ്യാടി പ്രദേശത്തുനിന്നും 16.782 ലക്ഷം WCT ഇനത്തിൽപ്പെട്ട വിത്തുതേങ്ങ ശേഖരിച്ചിട്ടുണ്ട്. 2021 മേയ് വരെയുള്ള കാലയളവിൽ 10 ലക്ഷം വിത്തുതേങ്ങ കൂടി സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ